**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ബില്ല് ഇനത്തിൽ നൽകിയ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് കെ.എസ്.ഇ.ബി. ബില്ല് ഇനത്തിൽ നൽകിയ സബ്സിഡി തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കോവിഡ് കാലത്ത് ബില്ല് ഇനത്തിൽ നൽകിയ സബ്സിഡി തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. 1. സംസ്ഥാന ഗവൺമെന്റ്, കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട്, വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും, സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും, ബാക്കിയുള്ള തുക (75%) പലിശ രഹിതമായി അടയ്ക്കുന്നതിന് 15.12.2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്. 2. കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗം മൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ 26.06.2020-ലെ സ.ഉ.(സാധാ) നം.80/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി അനുവദിച്ചിരുന്നു. 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനു പുറമേ ദാരിദ്ര്യരേഖക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി 20.04.2020 മുതൽ |

19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനം അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന നിരക്കിൽ സബ്സിഡിയായി നൽകിയിരുന്നു. 3. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28.01.2021-ലെ സ.ഉ(സാധാ)നം.14/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ, 01.06.2020-ലെ സ.ഉ(സാധാ) നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020-ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. മേൽ സൂചിപ്പിച്ച രണ്ട് സർക്കാർ ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. 4. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ 28.06.2021-ലെ സ.ഉ(സാധാ)നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മെയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശ രഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്. 5.സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. 6. കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ് ഒഴിവാക്കുകയും (31.07.2020 വരെ) ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31.12.2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങിലെ ബില്ലുകൾ 31.05.2020 വരെ പലിശരഹിതമായി

| | | | |
|---|---|---|---|
| | | | അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പ്രതിമാസ ശരാശരി ഉപഭോഗം (യൂണിറ്റിൽ) | സബ്സിഡി നിരക്കുകൾ |
|---|---|
| 50 യൂണിറ്റ് വരെ | 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിലെ വർദ്ധനവിന്റെ 50 ശതമാനം |
| 100 യൂണിറ്റ് വരെ | വർദ്ധനവിന്റെ 30 ശതമാനം |
| 150 യൂണിറ്റ് വരെ | വർദ്ധനവിന്റെ 25 ശതമാനം |
| 150 യൂണിറ്റിൽ കൂടുതൽ | വർദ്ധനവിന്റെ 20 ശതമാനം |

സെക്ഷൻ ഓഫീസർ